## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4451 04.02.2014 -ലെ മറുപടിയ്ക്ക്

## കൊയിലാണ്ടിയിൽ കാലടി സംസ്കൃത സർവ്വകലാശാല ഉപകേന്ദ്രം

ചോദ്യം

ശ്രീ. കെ. ദാസൻ

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കൊയിലാണ്ടി നഗരസഭയുടെ അധീനതയിലുള്ള സ്ഥലത്ത് കാലടി സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശികകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് യൂണിവേഴ്സിറ്റി വി.സി., യൂണിവേഴ്സിറ്റി രജിസ്ട്രാർ, ജനപ്രതിനിധികൾ എന്നിവർ കൊയിലാണ്ടിയിൽ യോഗം ചേർന്നിട്ടുണ്ടായിരുന്നുവോ ; | (എ) (ബി) (സി) & (ഡി) | കൊയിലാണ്ടി നഗരസഭയുടെ അധീനതയിലുള്ള സ്ഥലത്ത് കാലടി സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശികകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് സർവ്വകലാശാല വൈസ് ചാൻസലർ, രജിസ്ട്രാർ, ജനപ്രതിനിധികൾ എന്നിവർ കൊയിലാണ്ടിയിൽ യോഗം ചേർന്നതായി പ്രസ്തുത സർവ്വകലാശാലയിൽ ലഭ്യമായ ഫയലുകളിൽ കാണുന്നില്ല എന്ന് സർവ്വകലാശാലാ അധികൃതർ അറിയിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് എന്നായിരുന്നു എന്നും യോഗനടപടികളുടെ വിശദാംശം എന്തായിരുന്നു എന്നും വ്യക്തമാക്കാമോ ; | | |
| (സി) | പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ ; | | |
| (ഡി) | പ്രസ്തുത യോഗത്തിന്റെ തുടർച്ചയായി കാലടി സർവ്വകലാശാല അധികൃതർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | ഈ വിഷയത്തിൽ അടിയന്തിരതുടർനടപടികൾ സ്വീകരിക്കാനും ഉപകേന്ദ്രം സ്ഥാപിക്കാനും തയ്യാറാകുമോ ? | (ഇ) | നിലവിൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രം 1994 മുതൽ കൊയിലാണ്ടിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ